**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2178** **11-10-2021 - ൽ മറുപടിയ്ക്ക്**

**വാടക വീട്ടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം എസ് അരുൺ കുമാർ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വാടക വീട്ടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡിന് അപേക്ഷ നൽകുന്നതിന് നിലവിൽ എന്തെല്ലാം രേഖകൾ ആവശ്യമാണെന്ന് അറിയിക്കാമോ; | (എ) | വാടക കെട്ടിടത്തിൽ താമസിക്കുന്നവർക്ക് വാടകച്ചീട്ടോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഇല്ലാതെ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിക്കുന്ന പക്ഷം ആധാർകാർഡ് പരിശോധിച്ച് മറ്റൊരു റേഷൻകാർഡിലും പേര് ഇല്ലെന്ന് ഉറപ്പ വരുത്തി പുതിയ റേഷൻകാർഡ് അനുവദിക്കുന്നതിന് 01/10/2021 ലെ സ.ഉ(സാധാ)നം.389/2021/ ഭ.പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | കെട്ടിടം ഉടമയുടെ സമ്മതപത്രമോ വാടക കരാറോ നൽകാൻ കഴിയാത്തതിന്റെ പേരിൽ വാടക വീട്ടുകളിൽ കഴിയുന്നവർക്ക് റേഷൻ കാർഡിന് അപേക്ഷ നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ക്ലോസ് എ യുടെ മറുപടി കണ്ടാലും. |
| (സി) | ഇത്തരത്തിൽപ്പെട്ട കുടുംബങ്ങൾക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ക്ലോസ് എ യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ